# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

08/07/2013-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നമ്പർ: *573

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാര കൈമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എസ്.ശർമ്മ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.എ.എം.ആരിഫ് | ഡോ.എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി |
| എ) ഭരണഘടനാഭേദഗതിയനുസരിച്ചുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാര കൈമാറ്റം സംസ്ഥാനത്ത് പൂർണ്ണമായിട്ടുണ്ടോ; ഇല്ലെങ്കിൽ അവശേഷിക്കുന്നവ ഏതെല്ലാം; | എ) 73-ാം ഭരണഘടനാ ഭേദഗതിയനുസരിച്ച് ഭരണഘടനയുടെ 11-ാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 29 വിഷയങ്ങൾ ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുള്ളത്. അവയിൽ താഴെപ്പറയുന്നവ ഒഴിച്ചുള്ള എല്ലാ വിഷയങ്ങളും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.<br>1. ചെറുകിട വനവിഭവ ഉൽപന്നങ്ങൾ (Minor forest produce)<br>2. വൈദ്യുത വിതരണം (Distribution of electricity)<br>3. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കൽ (Implementation of land reforms)<br>4. പൊതുവിതരണ സമ്പ്രദായം (Public distribution system) |
| ബി) നിയമവ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കർത്തവ്യങ്ങൾ, അവ നിർവഹിക്കേണ്ടുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | ബി) & സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അധികാരങ്ങളും ചുമതലകളും കൈമാറിയതിന് സമാനമായ രീതിയിൽ തന്നെ ടി സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ ഉതകുന്ന വിധത്തിൽ അവയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥന്മാരേയും സ്ഥാപനങ്ങളേയും അടിസ്ഥാന സൗകര്യങ്ങളും ആസ്തി ബാദ്ധ്യതകളും |

| | |
|---|---|
| വെളിപ്പെടുത്താമോ; | ഉൾപ്പെടെ കൈമാറുകയുണ്ടായി. 04/07/2000-ലെ G.O.(P) 188/2000/തഭവ നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉദ്യോഗസ്ഥന്മാരെയും അനുബന്ധ സ്ഥാപനങ്ങളേയും കൈമാറിയിട്ടുള്ളത്. എന്നാൽ ഈ ഉദ്യോഗസ്ഥരുടെ സേവന വേതന വ്യവസ്ഥകൾ നിർണയിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ്. 4/07/2000-ലെ G.O.(P) 187/2000/തഭവ നം. ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും 1302 ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യാസം ചെയ്തിരുന്നു. പ്രസ്തുത ജീവനക്കാർ മുഴുവൻ പേരും യഥാക്രമം ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ഇതുമൂലം കാലാകാലങ്ങളിൽ ജോലിഭാരം വർദ്ധിക്കുന്ന പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പഞ്ചായത്തുകളിൽ 990 ക്ലാർക്ക്മാരുടെ അധിക തസ്തികൾ കൂടി സൃഷ്ടിക്കുകയുണ്ടായി (സ.ഉ.(എം.എസ്) 51/13/തസ്വഭവ. തീയതി 7/2/2013). ഇതുകൂടാതെ പഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 864 അസിസ്റ്റൻറ് സെക്രട്ടറിമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനായി 152 എഞ്ചിനീയർമാരുടെ തസ്തിക ബ്ലോക്ക്തലത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റൻറ്മാരെ താല്ക്കാലികമായി നിയമിക്കുവാൻ അതത് പഞ്ചായത്തുകൾക്ക് തന്നെ അധികാരം നൽകുകയുണ്ടായി. |
| സി) ഉദ്യോഗസ്ഥന്മാരെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്ന പ്രക്രിയ പൂർത്തിയാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയെന്നറിയിക്കുമോ? | |

ഇപ്രകാരം നിലവിലെ ഉദ്യോഗസ്ഥകൈമാറ്റവും പുനർവിന്യാസവും അധികതസ്തികകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ